# പാൽക്കള്ളൻ

● കുസുമം. ആർ പുന്നപ്ര

അയൽപക്കത്തെ ഡെയ്സിപ്പട്ടി അതിരാവിലെ വായിലൊരു പൊട്ടിക്കാത്ത കവർ പാലുമായി വരുന്ന കാഴ്ചയാണ് മിന്നുപ്പൂച്ച കണികാണുന്നത്.

“ഇന്നു നീ കോളടിച്ചല്ലോ ഡെയ്സിയേ...” മിന്നു പറഞ്ഞു.

“ഇന്നെനിക്ക് നല്ല ദിവസമാണ് മിന്നൂ...” ഡെയ്സിപ്പട്ടി അത്രയും പറഞ്ഞ് സ്ഥലം വിട്ടു.

അതിലെന്തോ ഒരു പന്തികേടുപോലെ മിന്നുവിന് തോന്നി.

പിറ്റേ ദിവസവും മിന്നുപ്പൂച്ച കണികാണുന്നത് വായിൽ കടിച്ചുപിടിച്ച് പാലുമായി വരുന്ന ഡെയ്സിയെയാണ്.

മിന്നു വിചാരിച്ചു, ഡെയ്സിപ്പട്ടിക്ക് നല്ല കോളുതന്നെ. എവിടുന്നാണ് എന്നും ഈ പാൽ കിട്ടുന്നത്? ഇന്നു ചോദിക്കുക തന്നെ. അങ്ങനെ ഡെയ്സിയുടെ അടുത്തുചെന്ന് മിന്നു ചോദിച്ചു: “എന്നും നിനക്കെവിടുന്നാണീ പാൽ കിട്ടുന്നത്?”

ഡെയ്സിപ്പട്ടി മിന്നുവിനോട് പറഞ്ഞു: “അതേയ് എന്റെ യജമാനന് എന്നോട് നല്ല സ്നേഹമാ. നിന്നെപ്പോലെയല്ല ഞാൻ. രാവെളുക്കുവോളം ഉണർന്നിരുന്ന് വീടുകാവലല്ലേ. അതുകൊണ്ട് യജമാനൻ എനിക്ക് വാങ്ങിത്തരുന്നതാണ് ഈ പാൽ.”

മിന്നുപ്പൂച്ച പതിവില്ലാതെ പാൽക്കടയുടെ അടുത്തുകൂടെ പോകുകയായിരുന്നു. അപ്പോൾ കടക്കാരൻ പാലു കൊണ്ടുവരുന്ന പയ്യനെ നല്ലവണ്ണം വഴക്കു പറയുന്നു: “എടാ, നീ ഈയിടെയായി ഒരു കവറു പാല് കുറച്ചാണ് കൊണ്ടുവരുന്നത്. നിന്റെ ശമ്പളത്തിൽ ഇത്തവണ ഞാനത് കുറയ്ക്കും.”




▸▸ യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് പകരമായി വരുന്ന സംവിധാനം– ഹയർ എഡ്യുക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ

പാൽക്കാരൻ കരഞ്ഞുകൊണ്ട് പറഞ്ഞു:

“അയ്യോ... സാറേ ഒരിക്കലുമല്ല. ഞാൻ ബൂത്തിൽ നിന്നും എണ്ണി തിട്ടപ്പെടുത്തി കൊണ്ടുവന്നതാണ്. അതിലെങ്ങനെ കുറവു വരും?”

മിന്നുവിന് കാര്യം മനസ്സിലായി. അവൾ ചില തീരുമാനങ്ങളെടുത്തു.

പിറ്റേന്ന് നേരത്തെ ഉറക്കം ഉണർന്ന് മിന്നുപ്പൂച്ച പാൽക്കടയുടെ അടുത്ത് പോയി പതുങ്ങിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഡെയ്സിപ്പട്ടി കടയുടെ അടുത്തുള്ള ചെടിയുടെ മറവിൽ കടക്കാരൻ കാണാതെ ഒളിച്ചിരിക്കുന്നതു കണ്ടു.

അൽപ്പം കഴിഞ്ഞപ്പോൾ പാലു കൊണ്ടുവരുന്ന പയ്യൻ പാൽക്കവർ കടക്കാരനെ കാൺകെ എണ്ണിത്തിട്ടപ്പെടുത്തി പാൽ പെട്ടിയിൽ വെച്ചു. പാൽക്കാരൻ തിരികെ പോയി. കടക്കാരൻ കടയ്ക്കകത്തേക്കും പോയി. മിന്നുപ്പൂച്ച അവിടെത്തന്നെ ഇരുന്നു.

അൽപ്പം കഴിഞ്ഞപ്പോൾ ഡെയ്സിപ്പട്ടി ചെടിയുടെ മറവിൽ നിന്നും പമ്മി വന്ന് ഒരു പാൽകവർ കടിച്ചെടുത്തുകൊണ്ട് ഒറ്റ ഓട്ടം ഓടി. പിറകെ മിന്നുവും ഓടി. ഡെയ്സി വീട്ടിലെത്തി പാൽക്കവർ താഴെ ഇട്ട് പൊട്ടിച്ചു കുടിച്ചുകൊണ്ടിരുന്നപ്പോൾ മിന്നു വന്നു.

മിന്നുപ്പൂച്ച പറഞ്ഞു: “ഡെയ്സീ, ഞാനെല്ലാം കണ്ടു. കടയുടെ അടുത്ത് ഞാൻ ഉണ്ടായിരുന്നു. മറ്റുള്ളവരുടേത് മോഷ്ടിച്ചു തിന്നുന്നത് ഒരിക്കലും ശരിയല്ല.”

താൻ പാൽ മോഷ്ടിച്ചത് ഡെയ്സി കണ്ടതിന്റെ ഒരു ജാള്യത ഡെയ്സിപ്പട്ടിക്കുണ്ടായിരുന്നു. അവൾ മിണ്ടാതിരുന്നു.

മിന്നു തുടർന്നു പറഞ്ഞു:

“നീ പാലു മോഷ്ടിച്ചതിന്റെ കുറ്റം ഏൽക്കേണ്ടി വന്നത് പാലു കൊണ്ടുവരുന്ന ആ പയ്യനാണ്. കടക്കാരൻ പയ്യനെ ശരിക്കും ശകാരിക്കുന്നതു കേട്ടു. അപ്പോഴാണ് ഇന്നു ഞാനവിടെ വന്ന് പതുങ്ങിക്കിടന്നത്. നീ വന്ന് പാൽ മോഷ്ടിക്കുന്നത് ഞാൻ കണ്ടു. നീ ചെയ്ത തെറ്റിന് ആ പാവം പയ്യനാണ് ശിക്ഷ കിട്ടുന്നത്.”

ഡെയ്സിക്ക് തെറ്റു മനസ്സിലായി. “ശരി മിന്നൂ, ഇനി ഞാനിത് ഒരിക്കലും ആവർത്തിക്കുകയില്ല. ഇപ്പോളെനിക്ക് എന്റെ തെറ്റു മനസ്സിലായി. നീയാണ് യഥാർത്ഥ സ്നേഹിത. എന്റെ തെറ്റു ചൂണ്ടിക്കാട്ടി എന്നെ ശരിയിലേക്കു നയിച്ചു.”

•




## പരിസ്ഥിതി സംരക്ഷണത്തിന്റെ സുവിശേഷം

The silent spring (നിശ്ശബ്ദ വസന്തം) എന്ന റേച്ചൽ കഴ്സണിന്റെ കൃതിയാണ് ‘പരിസ്ഥിതി സംരക്ഷണത്തിന്റെ സുവിശേഷം’ എന്നറിയപ്പെടുന്ന കൃതി.

▸▸ രാഷ്ട്രപതി നിലയം എവിടെയാണ്– ഡൽഹി